KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

13.03.2010

# റെഡ് റിബൺ എക്സ്പ്രസ് സന്ദർശന പരിപാടി വൻവിജയം; എച്ച്ഐവി പ്രതിരോധ സന്ദേശം ഒന്നര ലക്ഷത്തോളം പേരിലേക്ക്

തിരുവനന്തപുരം: എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായെത്തിയ റെഡ് റിബൺ എക്സ്പ്രസിന്റെ കേരള സന്ദർശനം വൻവിജയമായി. ഫെബ്രുവരി 23 ന് കാസർഗോഡ് നിന്നാരംഭിച്ച യാത്ര വെള്ളിയാഴ്ച കരുനാഗപ്പള്ളിയിൽ സമാപിച്ചപ്പോൾ ഒന്നരലക്ഷത്തോളം പേരിലേക്ക് നേരിട്ട് എച്ച്ഐവി പ്രതിരോധ സന്ദേശമെത്തിക്കാൻ സാധിച്ചു. കേരളത്തിലെ ഒമ്പതു റെയിൽവേ സ്റ്റേഷനുകളിൽ രണ്ടു ദിവസം വീതം തങ്ങിയാണ് ട്രെയിൻ എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ, ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയത്.

റെഡ് റിബൺ എക്സ്പ്രസിലെ പ്രദർശനവും പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിപാടികളും കാണുന്നതിനായി ട്രെയിൻ എത്തിച്ചേർന്ന കേന്ദ്രങ്ങളിലെല്ലാം അഭൂതപൂർവമായ തിരക്കാണ് അനുഭവപ്പെട്ടത്. കാസർഗോഡ്, കണ്ണൂർ, തിരൂർ, പാലക്കാട്, തൃശൂർ, ആലുവ, എറണാകുളം, കായംകുളം, കരുനാഗപ്പള്ളി എന്നീ കേന്ദ്രങ്ങളിലാണ് ട്രെയിൻ എത്തിയത്. എല്ലാ കേന്ദ്രങ്ങളിലുമായി ട്രെയിനിലെ പ്രദർശനം കാണാനെത്തിയത് 71,147 പേരായിരുന്നു. ട്രെയിൻ എത്തിയ കേന്ദ്രങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്കു യാത്ര ചെയ്ത ലൈഫ് ബസിന്റെ പ്രചാരണ പരിപാടികൾ വീക്ഷിച്ചത് 71,224 പേരാണ്. ഇരു പരിപാടികളും ചേർത്താൽ എച്ച്ഐവി പ്രതിരോധ സന്ദേശം 1,42,371 പേരിലേക്ക് എത്തിയതായി കാണാം.

റെഡ് റിബൺ എക്സ്പ്രസിനോട് അനുബന്ധിച്ച് ക്രമീകരിച്ചിരുന്ന എച്ച്.ഐ.വി പരിശോധനയ്ക്ക് നിരവധിയാളുകൾ സ്വമേധയാ തയാറായതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. സാധാരണ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിൽ തന്നെ എച്ച്.ഐ.വി, എയ്ഡ്സിനെയും പൊതുജനങ്ങൾ കണക്കാക്കാൻ തുടങ്ങിയിരിക്കുന്നു എന്നതിന്റെ തെളിവു കൂടിയാണ് ഇത്. മൊത്തം 855 പേരാണ് എച്ച്ഐവി പരിശോധനയ്ക്കു വിധേയരായത്. ഇവരിൽ അഞ്ചു പേർ എച്ച്ഐവി പോസിറ്റീവ് ആണെന്നു തെളിഞ്ഞു. ട്രെയിനിനുള്ളിലെ കൗൺസലിംഗ് സൗകര്യം 2173 പേർ പ്രയോജനപ്പെടുത്തി. 3559 പേർ ട്രെയിനിലെ പരിശീലന പരിപാടികളിൽ പങ്കെടുത്തു. എച്ച്ഐവി, എയ്ഡ്സ് പ്രവർത്തനങ്ങൾ വിവിധ മേഖലകളിൽ തുടർന്നു നടത്തുന്നതിനായി ഇത്രയും പേർ പ്രാപ്തരായിരിക്കുകയാണ്. ജനനേന്ദ്രിയ രോഗ ചികിത്സയ്ക്ക് 80 പേർ വിധേയരായി.

ട്രെയിനിലെ പ്രദർശനം കാണാൻ ഏറ്റവും കൂടുതലാളുകൾ എത്തിയത് അവസാനകേന്ദ്രമായ കരുനാഗപ്പള്ളിയിലാണ്. ഇവിടെ രണ്ടു ദിവസം കൊണ്ട് 13,397 പേരാണ് ട്രെയിൻ സന്ദർശിച്ചത്. അവസാനദിവസം പ്രദർശനം കാണാനെത്തിയത് 7456 പേരാണ്. കേരളത്തിൽ ഒരു ദിവസം ഏറ്റവും കൂടുതൽ പേർ റെഡ് റിബൺ എക്സ്പ്രസ് സന്ദർശിച്ച റിക്കാർഡ് കൂടിയാണ് ഇത്. ലൈഫ് ബസ് പരിപാടികൾ ഏറ്റവും കൂടുതൽ പേർ വീക്ഷിച്ചതും കരുനാഗപ്പള്ളിയിൽ തന്നെയാണ്. രണ്ടു ദിവസം കൊണ്ട് ലൈഫ് ബസ് സന്ദർശിച്ച പന്ത്രണ്ടു കേന്ദ്രങ്ങളിലായി 12,630 പേർ ഈ പരിപാടികൾ കണ്ടു.

റെഡ് റിബൺ എക്സ്പ്രസ് പരിപാടിയിൽ ഭേദപ്പെട്ട സ്ത്രീപങ്കാളിത്തവുമുണ്ടായിരുന്നു. ട്രെയിനിലെ പ്രദർശനവും ലൈഫ് ബസ് പ്രദർശനവും കണ്ട 1,42,371 പേരിൽ സ്ത്രീകളുടെ എണ്ണം 50,279 ആണ്. ട്രെയിനിലെ പ്രദ ർശനം 22,115 സ്ത്രീകൾ കണ്ടപ്പോൾ ലൈഫ് ബസ് പരിപാടികൾ വീക്ഷിക്കാനെത്തിയത് 28,164 സ്ത്രീകളാണ്.

വിവിധ സർക്കാർ വകുപ്പുകളുടെയും സന്നദ്ധസംഘടനകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും മറ്റ് ഏജൻസികളുടെയും ഏകോപിതമായ പ്രവർത്തനത്തിലൂടെയാണ് റെഡ് റിബൺ എക്സ്പ്രസ് പരിപാടി സംഘടിപ്പിച്ചത്. എച്ച്ഐവി പ്രതിരോധ സന്ദേശങ്ങൾ ജനങ്ങളിലേക്കെത്തിക്കുക, എച്ച്ഐവി അണുബാധിതരോടുള്ള സാമൂഹ്യനിന്ദയും വിവേചനവും ഇല്ലാതാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് റെഡ് റിബൺ എക്സ്പ്രസ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**